കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 2 | സെപ്റ്റംബർ 30 2024    ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 കണ്ണൂർ ജില്ലാ മണ്ണ് പരിശോധന ലബോറട്ടറിക്ക് NABL അംഗീകാരം
5 റബ്ബർരോഗനിയന്ത്രണം സംബന്ധിച്ച അന്താരാഷ്ട്ര ടെക്നിക്കൽ കമ്മറ്റി യോഗം ഉദ്ഘാടനം ചെയ്തു
7 കേരള കാർഷിക സർവ്വകലാശാലയിൽ യുവ കർഷിക പ്രൊഫെഷണലുകൾക്കുള്ള ദേശീയ പരിശീലന പരിപാടിക്ക് തുടക്കമായി

# ഏതൊരു വികസന പ്രവർത്തനത്തിന്റെയും സദ്ഫലങ്ങൾ അനുഭവിക്കാൻ കൃഷി അനിവാര്യം: കൃഷിമന്ത്രി പി. പ്രസാദ്

ഏതൊരു വികസന പ്രവർത്തനത്തിന്റെയും സദ്ഫലങ്ങൾ അനുഭവിക്കാനും ആസ്വദിക്കാനും കൃഷി അനിവാര്യമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്. മണ്ണ്പര്യവേക്ഷണമണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡിന്റെ സാമ്പത്തിക സഹായത്തോടു കൂടി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (RIDF) 25-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 96.62 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ആറ്റുമൺപുറം നീർത്തട പദ്ധതിയിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ ആസ്തി കൈമാറ്റം അരുവിക്കര നിയോജകമണ്ഡലം എംഎൽഎ അഡ്വ. ജി.സ്റ്റീഫന്റെ അധ്യക്ഷതയിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മെച്ചപ്പെട്ട ആരോഗ്യം പ്രദാനം ചെയ്യുന്നത് പോഷകസമ്പുഷ്ടമായ ഭക്ഷണത്തിലൂടെയാണ്.

വികസനം എന്നത് റോഡുകളും, പാലങ്ങളും എല്ലാം ഉൾപ്പെട്ട് വരുന്നതാണെങ്കിലും അതിനേക്കാളൊക്കെ പ്രാധാന്യമുള്ളത് കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങൾ തന്നെയാണ്. കൃഷിയിലൂടെ ഉല്പാദിപ്പിച്ചെടുക്കുന്ന ഭക്ഷണം തന്നെയാണ് മനുഷ്യന്റെ ആരോഗ്യത്തിന്റെ അടിസ്ഥാനം. കൃഷി ചെയ്യല്ലാതെ പോഷക സമൃദ്ധമായ ഭക്ഷണം എന്നത് അസാധ്യമാണ്. കാർഷിക മേഖലയിലെ പ്രതിസന്ധികൾ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ നടപ്പിലാക്കിയാൽ മാത്രമേ സമഗ്രമായി പരിഹരിക്കാൻ സാധിക്കുകയുള്ളു. അത്തരത്തിലുള്ള ഒരു സമഗ്ര ഇടപെടലാണ് ആറ്റുമൺപുറം പദ്ധതിയിലൂടെ നടപ്പിലാക്കപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. 281 ഹെക്ടർ വിസ്തൃതിയിലുള്ള കാർഷിക പ്രദേശങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുക. നൂറുകണക്കിന് കർഷകർക്കാണ് ഈ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമായതോടെ കൃഷിമേഖലയിൽ സജീവമാകാൻകഴിഞ്ഞതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ കേരളത്തിലുടനീളം നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

കൃഷിയിട ആസൂത്രണം നടപ്പിലാക്കേണ്ടത് കൃഷിയിടത്തിൽ കർഷകരുടെ കൂടിയാലോചനയോടുകൂടി ആവണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.



ചീഫ് എഡിറ്റർ - എസ്.എ. നിസാം
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത്



വന്യമൃഗശല്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്ന മേഖലയാണ് വിതുരയെന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ എങ്ങനെ ഫലപ്രദമായി അതിജീവിച്ച് മുന്നോട്ട് പോകാൻ കഴിയും എന്നതിൽ സ്വീകരിക്കാൻ സാധിക്കുന്ന നടപടികൾ സ്വീകരിച്ച് വിതുര പഞ്ചായത്തിലെ കാർഷികമേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾസ്വീകരിക്കുമെന്നും അദ്ദേഹം ഉദ്ഘാടനം പ്രസംഗത്തിൽ അറിയിച്ചു. കൃഷി മന്ത്രിയുടെ അഭാവത്തിൽ ആസ്തി സംബന്ധിച്ച ഔദ്യോഗിക രേഖകൾ അരുവിക്കര എം എൽ എ. അഡ്വ. ജി. സ്റ്റീഫൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മഞ്ജുഷ ജി ആനന്ദിന്കൈമാറി. ചടങ്ങിൽ മുതിർന്ന കർഷകനായ കെ. വിജയൻകാണി, ശ്രീ. ബിനു ആറ്റുമൺപുറംഎന്നിവരെ വേദിയിൽ എം. എൽ. എ. ആദരിച്ചു.

തിരുവനന്തപുരം അരുവിക്കര നിയോജകമണ്ഡലത്തിൽ നെടുമങ്ങാട് താലൂക്കിലെ വെള്ളനാട് ബ്ലോക്കിൽ ഉൾപ്പെട്ട വിതുര ഗ്രാമ പഞ്ചായത്തിലെ മണലി, കല്ലാർ വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. മണലി വാർഡിലെ കലത്തോട്, തണ്ണിപ്പെട്ടി, കൊമ്പ്പാൻകല്ല്, പെരുംപാറയടി, മുരുക്കുംകാല, ആറ്റുമൺപുറം, വേങ്ങത്താര, കല്ലൻകുടി, തലത്തുക്കാവ് , ഇലവൻമൂട്, അല്ലത്താര, ചാരുപാറ, പെണ്ണുകപ്പാറ, പൊങ്ങൻമരുതുംമൂട്, ഇടിമൂടങ്ങ്, ഇടമൺപുറം, കല്ലാർ വാർഡിലെ മൊട്ടമൂട, മുല്ലമൂട് എന്നീ ഭാഗത്തുള്ള ഗോത്ര കുടിയേറ്റ പ്രദേശങ്ങളിലുള്ള മണ്ണ് ജല സംരക്ഷണവും ജൈവ സമ്പത്തിന്റെ പരിപാലനവും ലക്ഷ്യമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് മന്ത്രി പറഞ്ഞു.

2020 ഒക്ടോബർ 31-ന് മുൻ കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം നിർവ്വഹിച്ച പദ്ധതിയിൽ കാർഷിക ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികളായ കല്ല് കയ്യാല (42244.94 ച.മീ), ജൈവവേലി (2025 മീറ്റർ), റബ്ബർ തടം (1911 എണ്ണം) കുടിവെള്ളത്തിനും കൃഷിയ്ക്കും വേണ്ടിയുള്ള കിണർ നിർമാണം (10 എണ്ണം) എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ സംരക്ഷണത്തിനായി ഇ-ടെൻഡർമുഖേന സംരക്ഷണഭിത്തി (255.70 മീറ്റർ), തടയണ (1 എണ്ണം), കാട്ടുകല്ല് ഉപയോഗിച്ചുള്ള പാർശ്വഭിത്തി (79.15 മീറ്റർ), നടപ്പാലം (3 എണ്ണം) എന്നിവയും നിർമിച്ചിട്ടുണ്ട്. ടി നീർത്തടപ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ കാർഷികാഭിവൃദ്ധി കൈവരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡിഷണൽ ഡയറക്ടർ ആനന്ദബോസ്സ്വാഗതംപറഞ്ഞചടങ്ങിൽ, വിതുരഗ്രാമപഞ്ചായത്ത്പ്രസിഡന്റ്മഞ്ജുഷജിആനന്ദ്, വെള്ളനാട്ബ്ലോക്ക്പഞ്ചായത്ത്പ്രസിഡന്റ്ഇന്ദുലേഖഎസ്, ജില്ലാപഞ്ചായത്ത്മെമ്പർമിനിഎ, വിതുരപഞ്ചായത്ത്ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ്കമ്മിറ്റിചെയർമാൻമേമലവിജയൻ, ബ്ലോക്ക്പഞ്ചായത്ത്മെമ്പർശ്രീലതഎൽ, കല്ലാർവാർഡ്മെമ്പർസുനിതഎസ്, എഫ്ആർസിചെയർമാൻമനോഹരംകാണി,ആറ്റുമൺപുറംഊര്മൂപ്പൻബിനു, എഫ്ആർസിസെക്രട്ടറിരാജൻകാണി, ജില്ലാമണ്ണ്സംരക്ഷണഓഫീസർപ്രിയവിപി, മണ്ണ്സംരക്ഷണഓഫീസർരശ്മിമനോഹർമറ്റുജനപ്രതിനിധികൾകർഷകർതുടങ്ങിയവർപങ്കെടുത്തു.

# കണ്ണൂർ ജില്ലാ മണ്ണ് പരിശോധന ലബോറട്ടറിക്ക് NABL അംഗീകാരം



സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ കണ്ണൂർ കരിമ്പത്ത് സ്ഥിതിചെയ്യുന്ന ജില്ലാ മണ്ണ് പരിശോധന ലബോറട്ടറിക്ക് വിവിധ പരിശോധനകളിലെ വിശ്വാസ്യതയും, കൃത്യതയും അടിസ്ഥാനമാക്കി NABL-ന്റെ ദേശീയ അംഗീകാരം. സംസ്ഥാനങ്ങളിലെ വിവിധ ലാബുകൾക്ക് അംഗീകാരം നൽകുന്ന ദേശീയ ഏജൻസിയാണ് നാഷണൽ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലാബോറട്ടറീസ് (NABL). ഇത്തരത്തിൽ സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ അംഗീകാരം ലഭിക്കുന്ന ആദ്യത്തെ സ്ഥാപനമാണ് കണ്ണൂർ ജില്ലാ മണ്ണ് പരിശോധന ലാബോറട്ടറി. ജില്ലയിലെ 89 കൃഷിഭവനകളിൽ നിന്നും വിവിധ പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന സാമ്പിളുകൾ, കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന സാമ്പിളുകൾ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പിളുകൾ എന്നിവ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പ്രവർത്തികൾ ഈ സ്ഥാപനത്തിൽ നടന്നു വരുന്നു.

നിലവിൽ മണ്ണിന്റെ അമ്ലത, ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി, നൈട്രജൻ (OC), ഫോസ്ഫറസ്, പൊട്ടാഷ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ, സിങ്ക്, മംഗനീസ്, അയൺ, കോപ്പർ എന്നീ ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ലഭ്യമാണ്. ഇതിൽ അമ്ലത, ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി, നൈട്രജൻ (OC), ഫോസ്ഫറസ്, പൊട്ടാഷ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ, സിങ്ക്, മംഗനീസ്, അയൺ, കോപ്പർ എന്നീ ഘടകങ്ങളുടെ പരിശോധനയ്ക്കാണ് NABL അംഗീകാരം ലഭിച്ചിരിക്കുന്നത്.

NABL അംഗീകാരം ലഭിച്ചതിലൂടെ ലാബിന്റെ കാര്യക്ഷമതയും മണ്ണ് പരിശോധന റിസൾട്ടിന്റെ സ്വീകാര്യതയും വർദ്ധിച്ചിരിക്കുകയാണ്. ഇത് കൂടുതൽ കർഷകരെ ലാബിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് സഹായിക്കും. കൂടാതെ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഈ സെർട്ടിഫിക്കേഷൻ പ്രയോജനപ്പെടും. ഈ അംഗീകാരത്തിന് 2027 സെപ്റ്റംബർ19 വരെയുള്ള 3 വർഷം പ്രാബല്യം ഉണ്ടാകും. ലാബിന്റെ മികച്ച പ്രവർത്തനങ്ങളുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷം പരിശോധിച്ച 9293 സാമ്പിളുകളുടെ പരിശോധന ഫലം വിശകലനം ചെയ്ത് പഞ്ചായത്ത് തല സോയിൽ ഫെർട്ടിലിറ്റി മാപ്പ് പ്രകാശനം ചെയ്യുന്നതിന്റെ തയ്യാറെടുപ്പിലാണ് കേന്ദ്രം ഇപ്പോൾ.

കരിമ്പത്ത് സ്ഥിതി ചെയ്യുന്ന കണ്ണൂർ ജില്ലാ ഫാം കോമ്പൗണ്ടിൽ സ്റ്റേറ്റ് അഗ് മാർക്ക് ലാബിനോടും RATTC യോടും ചേർന്നാണ് കണ്ണൂർ ജില്ലാ മണ്ണ് പരിശോധന ലാബ് പ്രവർത്തിച്ചു വരുന്നത്.



# സംസ്ഥാനത്തെ തിരഞ്ഞെടുത്ത പത്ത് വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആശുപത്രികളാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി

പെരുമ്പാവൂർ സംസ്ഥാനത്തെ തിരഞ്ഞെടുത്ത പത്ത് വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആശുപത്രികളാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. ഒക്കൽ മൃഗാശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പത്തനംതിട്ട ജില്ലയിൽ ഇ-സമൃദ്ധ പദ്ധതി ഉടൻ തുടങ്ങും.

ഓരോ പശുവിനെയും തിരിച്ചറിയുന്നതി നായി മൈക്രോ ചിപ്പ് നൽകും. എം.വി.യു. പദ്ധതിയിൽ ഉൾപ്പെടുത്തി 152 ബ്ലോക്കുക ളിലായി വെറ്ററിനറി ആംബുലൻസ് നൽകും. ഇതിൽ 29 എണ്ണം നൽകി. അടുത്തത് കൂവ പടി ബ്ലോക്ക് പഞ്ചായത്തിനായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ മുഴുവൻ കർഷകരുടെയും ക്ഷേമമാണ് സർക്കാരിന്റെ ലക്ഷ്യം. കാലാവ സ്ഥാ വ്യതിയാനംമൂലം ക്ഷീരകർഷകർ വെല്ലു വിളി നേരിടുന്ന കാലമാണിത്.

കഴിഞ്ഞ വേനലിൽ 550 പശുക്കൾ കേരള ത്തിൽ ചത്തുപോയി. തുടർന്നുവന്ന തീവ്രമഴ യിൽ ഭക്ഷ്യയോഗ്യമായ പുല്ല് പൂർണമായും ചിഞ്ഞു. പാൽ ഉത്പാദനത്തിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന വയനാട് ജില്ലയിലെ ദുരന്തം ഉത്പാദനത്തെ കാര്യമായി ബാധിച്ചു. ഈ സാ ഹചര്യത്തിലെല്ലാം സർക്കാർ കർഷകർക്കൊ പ്പം നിന്നുവെന്നും മന്ത്രി പറഞ്ഞു.

എൽദോസ് കുന്നപ്പള്ളി എം.എൽ.എ. അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത് കുമാർ, പഞ്ചായ ത്ത് വൈസ് പ്രസിഡന്റ് മിനി സാജൻ, ജില്ലാ പഞ്ചായത്ത് അംഗം ശാരദ മോഹൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ജി. സജി കുമാർ, എം.കെ. രാജേഷ്, സി.ജെ. ബാബു, കെ.കെ. കർണ്ണൻ, ഡോ. ബിജു ജെ. ചെമ്പ ത്തി, ഡോ. എസ്. ശൈലേഷ് കുമാർ, അഡ്വ. രമേശ്ചന്ദ്, പഞ്ചായത്ത് വികസന സമിതി അംഗങ്ങളായ രാജേഷ് മാധവൻ, അമൃത സജിൻ, ഇ.എസ്. സനൽ എന്നിവർ പങ്കെടുത്തു.

# വെറ്ററിനറി യൂണിവേഴ്സിറ്റി 'ഒപ്പം' പദ്ധതി– ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം

കേരളവെറ്ററിനറി ആന്റ് ആനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവനസഹായപദ്ധതിയുടെ ഭാഗമായി കന്നുകാലികൾക്കുള്ള ധാതുലവണ മിശ്രിതം വിതരണം ചെയ്തു. ചെമ്പട്ടിയിലെ ക്ഷീരകർഷകന് റബർമാറ്റും ഇതോടൊപ്പം കൈമാറി.



# റബ്ബർരോഗനിയന്ത്രണം സംബന്ധിച്ച അന്താരാഷ്ട്ര ടെക്നിക്കൽ കമ്മറ്റി യോഗം ഉദ്ഘാടനം ചെയ്തു

റബ്ബറുത്പാദകരാജ്യങ്ങളിലെ രോഗപ്രതിരോധ വിദഗ്ധരുടെ അഞ്ചാമത് സാങ്കേതിക സമ്മേളനം കോട്ടയം പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾ കർഷകന്റെ വരുമാനത്തെ ബാധിക്കുന്നതോടൊപ്പം രാജ്യത്തിന്റെ സാമ്പത്തികനിലയെയും നേരിട്ട് ബാധിക്കുന്ന ഒന്നായതുകൊണ്ട് രോഗനിയന്ത്രണം എത്രയും പെട്ടെന്ന് നടപ്പാക്കാൻ എല്ലാ രാജ്യങ്ങളുടെയും കൂട്ടായ ശ്രമം വേണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

റബ്ബറുത്പാദകരാജ്യങ്ങളുടെ സംഘടനയായ അസോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസും (എ.എൻ.ആർ.പി.സി.) ഇന്റർനാഷണൽ റബ്ബർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡും (ഐ.ആർ.ആർ.ഡി.ബി.) സംയുക്തമായാണ് സെപ്റ്റംബർ 24 മുതൽ 26 വരെ നടക്കുന്ന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. മലേഷ്യ, ഇൻഡോനേഷ്യ, തായ്‌ലാൻഡ്, മ്യാന്മാർ, ശ്രീലങ്ക, കമ്പോഡിയ, ഫിലിപ്പൈൻസ്, ഇന്ത്യ, പാപുവാ ന്യൂഗിനിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

ഉദ്ഘാടനയോഗത്തിൽ ഡോ. ജെസ്സി എം.ഡി. (ഡയറക്ടർ റിസേർച്ച് ഇൻ ചാർജ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. ഷാജി ഫിലിപ്പ് (ശാസ്ത്രജ്ഞൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. ലക്ഷ്മി എസ്. നായർ (സീനിയർ ഇക്കണോമിസ്റ്റ് എ.എൻ.ആർ.പി.സി.), ഡോ. കുരുവിള ജേക്കബ് (ഫെല്ലോ, ഐ.ആർ.ആർ.ഡി.ബി.), ഡോ. ടൈരപണി ഫെബ്ബിയാന്റി (ലെയ്സൺ ഓഫീസർ, ഐ.ആർ.ആർ.ഡി.ബി.), ലാം സൂൺ ജിൻ (എ.എൻ.ആർ.പി.സി.) എന്നിവർ പ്രസംഗിച്ചു.

കാലാവസ്ഥാവ്യതിയാനം, ഇലപ്പൊട്ടുരോഗങ്ങളും അവയുടെ വകഭേദങ്ങളും, ക്ലോണുകളുടെ പ്രതിരോധശേഷി, രോഗങ്ങളിൽ നിന്നുള്ള സംരക്ഷണം, പുതിയ രോഗനിയന്ത്രണമാർഗങ്ങൾ, ഡ്രോൺ സ്പ്രേയിങ്, ക്രൗൺ ബഡ്ഡിങ് എന്നിവയെക്കുറിച്ചെല്ലാം സമ്മേളനത്തിൽ ചർച്ച ചെയ്യും. സമ്മേളനത്തിന്റെ ഭാഗമായി 26-ന് റാന്നിക്കടുത്ത് ചേത്തക്കലിലുള്ള കേന്ദ്രപരീക്ഷണത്തോട്ടത്തിൽ വെച്ച് ഈ ശാസ്ത്രജ്ഞർ ചെറുകിട റബ്ബർകർഷകരുമായും റബ്ബർമേഖലയിലെ മറ്റ് വിദഗ്ധരുമായും ആശയവിനിമയം നടത്തും.



രോഗപ്രതിരോധ വിദഗ്ധരുടെ സാങ്കേതിക സമ്മേളനം എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്യുന്നു

# വെറ്ററിനറി യൂണിവേഴ്സിറ്റി ഒപ്പം പദ്ധതി: ചെമ്പട്ടി ഗ്രാമത്തിൽ പക്ഷിനിരീക്ഷണം

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവന സഹായ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി ചെമ്പട്ടിഗ്രാമത്തിൽ പക്ഷിനിരീക്ഷണം നടത്തി. വെറ്ററിനറി സർവ്വകലാശാല അധ്യാപകനായ ഡോരതീഷ് ആർ.എൽ. പക്ഷിനിരീക്ഷണത്തിന് നേതൃത്വം നൽകി. ഗ്രാമത്തിലെ 42 പക്ഷികളെ നിരീക്ഷണത്തിൽ കുട്ടികൾ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്തു. സർവ്വകലാ ശാലറിസർച്ച് അസിസ്റ്റന്റ് ജിപ്സ ജഗദീഷും പങ്കെടുത്തു.



# റബ്ബർബോർഡിൽ സ്വച്ഛതാ ഹി സേവ ആചരണം

'സ്വച്ഛതാ ഹി സേവ 2024'-ന്റെ ഭാഗമായി റബ്ബർബോർഡ് നടത്തുന്ന ശുചീകരണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം കോട്ടയം മുൻസിപ്പാലിറ്റി 14-ാം വാർഡ് കൗൺസിലർ മോളിക്കുട്ടി സെബാസ്റ്റ്യൻ നിർവഹിച്ചു. കോട്ടയം സബ് ജെയിൽ റോഡിലെ ശുചീകരണത്തിൽ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസ്, റബ്ബർഗവേഷണ കേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് എന്നിവിടങ്ങളിലെ ജീവനക്കാരോടൊപ്പം കോട്ടയം സി.എം.എസ്. കോളജിലെ നാഷണൽ സർവീസ് സ്കീമിലെ വോളന്റിയർമാരും പങ്കെടുത്തു.

'സ്വച്ഛതാ ഹി സേവ'യുടെ ഭാഗമായി ശുചീകരണപരിപാടികൾക്ക് പുറമെ വൃക്ഷത്തൈകൾ നടീൽ, മനുഷ്യച്ചങ്ങല, റബ്ബറുത്പാദകസംഘങ്ങളിൽ സ്വച്ഛതാസംവാദങ്ങൾ, സ്കൂളുകളിലെയും കോളജുകളിലെയും കുട്ടികൾക്കായി ചിത്രരചനാമത്സരങ്ങൾ, ആരോഗ്യക്യാമ്പുകൾ, സ്വച്ഛതാപ്രതിജ്ഞകൾ, ജീവനക്കാർക്കായി ക്വിസ് മത്സരങ്ങൾ എന്നിവയും റബ്ബർ ബോർഡ് നടത്തി. രാജ്യത്തിന്റെ മൊത്തത്തിലുള്ള ശുചിത്വപരിപാലനം ലക്ഷ്യമിട്ട് 2014 മുതൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് കേന്ദ്രഗവണ്മെന്റ് നടത്തിവരുന്ന സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള വിവിധ പരിപാടികൾ റബ്ബർബോർഡ് നടത്തുന്നത്.



# കേരള കാർഷിക സർവ്വകലാശാലയിൽ യുവ കർഷിക പ്രൊഫെഷണലുകൾക്കുള്ള ദേശീയ പരിശീലന പരിപാടിക്ക് തുടക്കമായി

യുവ കർഷിക പ്രൊഫെഷണലുകൾക്കുള്ള "കൃഷി വിപുലീകരണത്തിൽ പുതിയ കഴിവുകൾ, തൊഴിൽ അവസരങ്ങൾ, ഗവേഷണ മുൻഗണനകൾ" എന്ന വിഷയത്തിൽ ദേശീയ പരിശീലന പരിപാടിക്ക് (ദേശീയ യുവ പ്രൊഫഷണൽ വികസന പരിപാടി (NYPDP)) തൃശ്ശൂർ, കേരള കാർഷിക സർവകലാശാലയിൽ തുടക്കമായി. കർഷിക വിപുലീകരണ ഗവേഷണം, നയം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിലെ പുതു പ്രവണതകൾ, കർഷിക പ്രൊഫെഷണലുകൾക്ക പരിചയപ്പെടുത്തുന്നതാണ് ഹൈദരാബാദിലെ ദേശീയ കൃഷി വിപുലീകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (MANAGE) കെഎയുവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന് ഒരു ആഴ്ചക്കാലത്തെ ഈ പരിപാടിയുടെ ലക്ഷ്യം. കേരള സംസ്ഥാന പ്ലാനിങ് ബോർഡ് അംഗവും കാർഷിക സർവ്വകലാശാല പ്രൊഫസറും ആയ ഡോ. ജിജു പി. ആലക്സ് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. വികസന അവസരങ്ങൾക്കും കഴിവുകൾക്കും വേണ്ടിയുള്ള നയ രൂപകൽപ്പനയും പദ്ധതിരൂപീകരണവും ആവശ്യമാണെന്ന് അദ്ദേഹംപറഞ്ഞു. . കാർഷിക മേഖലയിലെ വിവിധ രംഗങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുന്നതിനു യുവ പ്രൊഫഷണലുകൾ സജ്ജരാക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. MANAGE ഡയറക്ടറും NYPDP പ്രോഗ്രാം ഡയറക്ടറുമായ ഡോ. സരവണൻ രാജ്, ആഗോള തൊഴിൽ മാർക്കറ്റിന്റെ ആവശ്യങ്ങൾക്കനുസരിച്ച് കർഷിക വിദ്യാർത്ഥികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന്റെ പ്രാധാന്യം തന്റെ പ്രഭാഷണത്തിൽ എടുത്ത് പറഞ്ഞു. രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ, ഡയക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ, പ്രൊഫസർ ആൻഡ് ഹെഡ്, കമ്യൂണിക്കേഷൻ സെൻറർ ഡോ. ബിനു പി. ബോണി, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേധാവി ഡോ. എസ്. ഹെലൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ഒക്ടോബർ 5 വരെ നടക്കുന്ന പരിപാടിയിൽ രാജ്യമെമ്പാടു നിന്നുമുള്ള 50-ലധികം യുവ പ്രൊഫഷണലുകൾ പങ്കെടുക്കുന്നുണ്ട്. ഡോ.എസ്.ഹെലൻ പ്രൊഫസർ ആൻഡ് ഹെഡ്, ഡോ. ദർശന,അസിസ്റ്റന്റ് പ്രൊഫെസ്സർ എന്നിവരുടെ നേതൃത്വത്തിലാണ് കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CTI) ഉപകേന്ദ്രമായ കർഷകഭവനത്തിൽ വച്ചു പരിപാടി സംഘടിപ്പിക്കുന്നത്



# റബ്ബർബോർഡ് കാംപെയ്ൻ ഉദ്ഘാടനം ചെയ്തു

റബ്ബർബോർഡ് നടത്തുന്ന തീവ്രപ്രചാരണപരിപാടി (കാംപെയ്ൻ 2024)-യുടെ ഉദ്ഘാടനം റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.വസന്തഗേശൻ ഐആർഎസ് ഫെയ്സ്ബുക്ക് ലൈവിലൂടെ നിർവഹിച്ചു. പരമ്പരാഗത റബ്ബർമേഖലകളിൽ 'ആവർത്തനക്കൃഷിയിലൂടെ നേട്ടം കൊയ്യാം' (Replant and Reap Rewards) എന്ന സന്ദേശത്തിനും പാരമ്പര്യേതര റബ്ബർകൃഷിമേഖലകളിലും വടക്കുകിഴക്കൻ മേഖലകളിലും 'സുസ്ഥിരവികസനത്തിന് പ്രകൃതിദത്തറബ്ബർകൃഷി' (Natural Rubber Cultivation for Sustainable Development) എന്ന സന്ദേശത്തിനും മുൻതൂക്കം നൽകിക്കൊണ്ടാണ് തീവ്രപ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നത്. ഒക്ടോബർ 07 മുതൽ 2025 ഫെബ്രുവരി 15 വരെയുള്ള കാലയളവിൽ രാജ്യത്തുടനീളമായി ഏകദേശം 1000 തീവ്രപ്രചാരണപരിപാടികളാണ് ബോർഡ് സംഘടിപ്പിക്കുന്നത്.



പ്രായംചെന്നതും ആദായം കുറഞ്ഞതുമായ മരങ്ങൾ മുറിച്ചുമാറ്റി ഉത്പാദനക്ഷമത കൂടിയ ഇനങ്ങൾ വെച്ചുപിടിപ്പിക്കുക., ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുക, മികച്ച കൃഷിരീതികൾ നടപ്പാക്കുക, തോട്ടം ദത്തെടുക്കൽ, ഇ.യു.ഡി.ആർ. (European Union Deforestation Regulation -EUDR) ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, റബ്ബർകൃഷിയിലൂടെയുള്ള നേട്ടങ്ങൾ, സ്വയം ടാപ്പിങ്, തുടങ്ങി വിവിധ വിഷയങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടും.

## കാർഷിക നിർദ്ദേശങ്ങൾ

### തെങ്ങ്

- മഴ കുറവായ അവസ്ഥയിൽ തെങ്ങൊന്നിന് 250 ഗ്രാം യൂറിയ, 285 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 350 ഗ്രാം പൊട്ടാഷ്, തുടങ്ങിയ രാസവളങ്ങളും 500 ഗ്രാം മെഗ്നീഷ്യം സൽഫേറ്റ് 2 കിലോഗ്രാം കുമ്മായം മുതലായവയും തടത്തിൽ ചേർത്തു കൊടുക്കണം തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനുള്ള അനുകൂല കാലാവസ്ഥയാണ്. മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് 5 ഗ്രാം/ ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിൻ്റെ കുമ്പിനു ചുറ്റും വയ്ക്കുക.

### കമുക്

- തോട്ടങ്ങളിൽ നീർച്ചാലുകൾ വൃത്തിയാക്കി ആഴം കൂട്ടുക. വെള്ളക്കെട്ട് മഞ്ഞളിപ്പിന് കാരണമാകും. കമുകൊന്നിന് 500 ഗ്രാം കുമ്മായം തടത്തിൽ വിതറിക്കൊടുക്കുക. മഹാളി, കൂമ്പുചീയൽ മുതലായ രോഗങ്ങളെ പ്രതിരോധിക്കാൻ ഈ മാസം ബോർഡോ മിശ്രിതം പശ കൂട്ടി തളിക്കണം. കമുക തൈകൾ നടാൻ അനുയോജ്യ സമയമാണ്.

### കുരുമുളക്

- ദ്രുതവാട്ടത്തെ ചെറുക്കുവാൻ കോപ്പർ ഓക്സിക്ലോറൈഡ് നാലു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തടത്തിൽ ഒഴിച്ചു കൊടുക്കുക. തുടർന്ന് രണ്ടാഴ്ച കഴിഞ്ഞ് ട്രൈക്കോഡെർമ കൾച്ചർ വേപ്പിൻ പിണ്ണാക്കിൽ കൂട്ടികലർത്തി തടത്തിൽ ചേർക്കാം. തടത്തിൽ പുതയിടുന്നത് ദ്രുതവാട്ടത്തിന്റെ കുമിളുകൾ മണ്ണിൽ നിന്ന് തണ്ടിൽ എത്തുന്നത് തടയും.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh